ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പുതിയതായി തുറക്കുന്നതിനായി തയ്യാറാക്കിയ ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ കുന്നത്തൂർ ഉൾപ്പെടുത്തിയിട്ടില്ല. സൗജന്യമായി സ്ഥലം, കെട്ടിടം, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ കുന്നത്തൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പുതിയ ഫയർ സ്റ്റേഷനുകൾ

3 [1629] *ശ്രീ. എം. എ. വാഹിദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്; ആയതിന്റെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ബി) ഇനി പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാനന്തവാടി, കടയ്ക്കൽ എന്നിവിടങ്ങളിലായി രണ്ട് ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 30 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

നരിക്കുനി ഫയർ സ്റ്റേഷൻ

4 [1630] *ശ്രീ. സി. മമ്മൂട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നരിക്കുനി ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഉണ്ട്. നരിക്കുനി, പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നരിക്കുനി ഫയർ സ്റ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങളും മറ്റു പകരണങ്ങളും വാങ്ങുന്നതിനും ഭരണാനുമതി നൽകുന്നതുസംബന്ധിച്ച ശുപാർശ പരിശോധിച്ചുവരികയാണ്. പ്രസ്തുത ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള താൽക്കാലിക സൗകര്യങ്ങൾ ഉപയോഗിച്ച് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

ഫയർ സർവ്വീസ് വകുപ്പിൽ ലീഡിംഗ് ഫയർമാൻ കോഴ്സ്

5 [1631] *ശ്രീ. എം. എ. വാഹിദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സർവ്വീസ് വകുപ്പിൽ ലീഡിംഗ് ഫയർമാൻ കോഴ്സ് നടത്തണമെന്ന ആവശ്യം ആരെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ കോഴ്സ് നടത്തുന്നതിന് ഫയർമാൻ ട്രെയിനീസിന്റെ ട്രെയിനിംഗ് സ്റ്റേഷനുകളിൽ എവിടെയെങ്കിലും ഒഴിവുണ്ടോ;

(സി) പ്രസ്തുത കോഴ്സ് നടത്താത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള ഫയർ സർവ്വീസ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇത്തരത്തിൽ ജീവനക്കാർക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മണ്ണാർക്കാട് ഫയർ സ്റ്റേഷൻ

6 [1632] *ശ്രീ. കളത്തിൽ അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly